പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **5774**

**28.03.2018 ൽ**
**മറുപടിക്ക്**

## സൈബർഡോം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി ജയരാജൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കേരള പോലീസ് വകുപ്പിന്റെ സൈബർഡോം പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കമോ; | എ) 22.08.2014 ലെ സ.ഉ. (എം.എസ്) നം. 167/14/ആഭ്യന്തരം പ്രകാരം ആഭ്യന്തര വകുപ്പിന്റെ കീഴിൽ സൈബർഡോം എന്ന പേരിൽ ഒരു സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് തിരുവനന്തപുരം ടെക്നോപാർക്ക് ആസ്ഥാനമായി 08.04.2016 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) സൈബർഡോമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) സൈബർ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ 'സൈബർ ഡോം' നടത്തി വരുന്നു.<br>• കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, സൈബർ ഗൈഡ്, ഇ-ഗ്രന്ഥ, Know Your Jurisdiction തുടങ്ങിയവ ഉപയോഗിക്കുന്നതിനുള്ള പരിശീലനം.<br>• ഇന്റർനെറ്റിലൂടെയുള്ള ചൈൽഡ് പോണോഗ്രാഫി തടയുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>• ആർ.ബി.ഐ യുമായി ചേർന്ന് ഓൺ ലൈൻ സാമ്പത്തിക തട്ടിപ്പുകളെ ചെറുക്കുന്നതിനുള്ള നടപടികൾ.<br>• സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളുടെ സുരക്ഷാ സംബന്ധമായ കാര്യങ്ങൾ.<br>• കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെ നശിപ്പിക്കുന്ന 'മാൽവെയർ പ്രോഗ്രാ' മുകളെക്കുറിച്ച് പഠിക്കുന്നതിനും അവ ചെറുക്കുന്നതിനും വേണ്ട നടപടികൾ. |

- സോഷ്യൽ മീഡിയയിലെ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സോഷ്യൽ മീഡിയ മോണിറ്ററിംഗ് സെൽ.
- സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു റിസർച്ച് & ഡവലപ്മെന്റ് വിംഗ്.

| | |
|---|---|
| സി) പ്രസ്തുത സംരംഭത്തിന്റെ ഔദ്യോഗിക ഘടന വ്യക്തമാക്കുമോ; | സി) ഒരു ഓപ്പറേഷൻസ് ഓഫീസറും പതിനാല് പോലീസ് ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഒരു ടീമായി സൈബർഡോം പ്രവർത്തിച്ചു വരുന്നു. |
| ഡി) സൈബർഡോമിന് എത്ര റീജിയണൽ സെന്ററുകളാണുള്ളത്;<br>ഇ) സൈബർഡോം ജില്ലാ തലത്തിലേക്ക് വ്യാപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | ഡി)യും ഇ)യും സൈബർ ഡോമിന് റീജിയണൽ സെന്ററുകൾ നിലവിലില്ല. ഇതു സംബന്ധിച്ച ശുപാർശകളൊന്നും നിലവിലില്ല. എന്നാൽ സൈബർക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ